**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 318** **16-09-2025 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യ ക്ഷാമം ഇല്ലാതാക്കുന്നതിനും, വിലക്കയറ്റം നിയന്ത്രിക്കുന്നതിനും സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വി. ആർ. സുനിൽകുമാർ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തു ഭക്ഷ്യ ക്ഷാമം ഇല്ലാതാക്കുന്നതിനും, വിലക്കയറ്റം നിയന്ത്രിക്കുന്നതിനും ഭക്ഷ്യ പൊതുവിതരണ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ ; | (എ) | സംസ്ഥാനത്തു പൊതുവിതരണ ശൃഖല വഴി 1,18,754.083 MT ധാന്യം വിവിധ വിഭാഗത്തിലുള്ള കാർഡുടമകൾക്കായി പ്രതിമാസം വിതരണം നടത്തി വരുന്നു. കൂടാതെ ഉത്സവ സീസണുകളിൽ നോർമൽ വിഹിതത്തിനു പുറമെ സ്പെഷ്യൽ അരി വിതരണവും നടത്തുന്നുണ്ട് .<br><br>സംസ്ഥാനത്ത് അവശ്യ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി വിപണി ഇടപെടൽ പ്രവർത്തനങ്ങൾ സപ്ലൈകോ മുഖേന നടത്തി വരുന്നു. ചെറുപയർ, ഉഴുന്ന്, കടല, വൻപയർ, തുവരപ്പരിപ്പ്, മുളക്, മല്ലി, പഞ്ചസാര, വെളിച്ചെണ്ണ, മട്ട അരി, ജയ അരി, കുറുവ അരി, പച്ചരി എന്നീ 13 ഇനം അവശ്യ സാധനങ്ങൾ സപ്ലൈകോ വിൽപ്പനശാലകൾ വഴി സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻകാർഡു ടമകൾക്കും സബ്സിഡി നിരക്കിൽ വിൽപ്പന നടത്തി വരുന്നു. പൊതു വിപണി വിലയേക്കാൾ 20% മുതൽ 35% വരെ വിലക്കുറവിലാണ് പ്രസ്തുത സാധനങ്ങളുടെ സബ്സിഡി നിരക്കുകൾ സർക്കാർ നിശ്ചയിച്ചിട്ടുള്ളത്.<br><br>സപ്ലൈകോ ഓണം സ്പെഷ്യൽ ആയി പച്ചരി/ പുഴുക്കലരി എന്നിവ kg നു 25/- നിരക്കിൽ കാർഡ് ഒന്നിന് പരമാവധി 28 kg വരെ ലഭ്യമാക്കിയിട്ടുണ്ട്.<br><br>സർക്കാരിന്റെ വിപണി ഇടപെടൽ സംവിധാനം കൂടുതൽ സജീവമായി പ്രവർത്തിക്കേണ്ട സമയം എന്ന നിലയിൽ, ഓണം, റംസാൻ, ക്രിസ്തുമസ് മുതലായ ഉത്സവ സീസണുകളിൽ നിലവിലുള്ള വില്പനശാലകൾക്ക് പുറമെ പ്രത്യേക ഉത്സവ ചന്തകൾ ആരംഭിച്ച് കൂടുതൽ ഉൽപ്പന്നങ്ങൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കാറുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഒരു സപ്ലൈകോ വിൽപ്പനശാല 26-03-25 മുതൽ 30-03-25 വരെയുള്ള കാലയളവിൽ |

റംസാൻ ഫെയറുകളായും എല്ലാ താലൂക്കിലും ഒരു സപ്ലൈകോ വിൽപ്പനശാല 10-04-2025 തീയതി മുതൽ 19-04-2025 വരെയുള്ള കാലയളവിൽ വിഷു-ഈസ്റ്റർ ഫെയറുകളായും സംഘടിപ്പിക്കുക യുണ്ടായി. ഈ ഓണക്കാലത്തും 13 ജില്ലകളിൽ പ്രത്യേകമായും ഇടുക്കിയിൽ സപ്ലൈകോ വിൽപ്പനശാലയോട് ചേർന്നും ജില്ലാ ഫെയറുകൾ സംഘടിപ്പിച്ച് പൊതു ജനങ്ങൾക്ക് ന്യായമായ വിലയിൽ അവശ്യ ഭക്ഷ്യസാധനങ്ങളും മറ്റ് നിത്യോപയോഗ സാധനങ്ങളും യഥേഷ്ടം ലഭ്യമാക്കിയിട്ടുണ്ട്. ജില്ലാ ഫെയറുകൾ ഇല്ലാത്ത 126 നിയോജക മണ്ഡലങ്ങളിൽ ഒരു സപ്ലൈകോ വിൽപ്പനശാലയോട് ചേർന്നും 140 നിയോജക മണ്ഡലങ്ങളിൽ സഞ്ചരിക്കുന്ന ഓണച്ചന്തകൾ നിശ്ചിത ഷെഡ്യൂളുകൾ പ്രകാരവും പ്രവർത്തിപ്പിച്ചു.

സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം സംബന്ധിച്ച വിവരങ്ങൾ അവലോകനം ചെയ്യുന്നതിനായി ചീഫ് സെക്രട്ടറി അധ്യക്ഷനായി സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അവശ്യ വസ്തുക്കളുടെ വിലയുടെ നിരീക്ഷണത്തിനും വില ശേഖരണത്തിനും വേണ്ടി Price Monitoring Cell, പൊതുവിപണിയിലെ വില നിയന്ത്രിക്കുന്നതിനും അതിന്റെ കാരണങ്ങൾ വിലയിരുത്തുന്നതിനും വേണ്ടി Centre for Price Research Kerala എന്നിവയും നിലവിലുണ്ട്.

വിലക്കയറ്റം തടയുന്നതിനും നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനും പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിലെ ജില്ല/ താലൂക്ക് തല ഉദ്യോഗസ്ഥർ പൊതു വിപണിയിൽ പരിശോധന നടത്തുകയും ക്രമക്കേടുകൾക്ക് നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഉത്സവ സീസണുകളിൽ വിവിധ വകുപ്പുകളുടെ സംയുക്ത പരിശോധനയിൽ ജില്ലാ സപ്ലൈ ഓഫീസർമാരുടെയും താലൂക്ക് സപ്ലൈ ഓഫീസർമാരുടെയും സിറ്റി റേഷനിങ് ഓഫീസർമാരുടെയും നേതൃത്വത്തിൽ ലീഗൽ മെട്രോളജി, ഭക്ഷ്യ സുരക്ഷാ എന്നി വകുപ്പുകളുമായി ചേർന്ന് പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് പൊതുവിപണി പരിശോധന നടത്തി വരുന്നു. അപ്രകാരം നടത്തുന്ന പരിശോധനയിൽ വിലവിവരപട്ടിക പ്രദർശിപ്പിക്കാത്ത വ്യാപാരികൾക്കെതിരെ നോട്ടീസ് നൽകി നടപടി സ്വീകരിക്കുന്നതിനോടൊപ്പം വകുപ്പിൽ നിലവിലുള്ള താലൂക്ക് തല സ്ക്വാഡുകളുടെ സഹായത്തോടു കൂടി പൂഴ്ത്തി വയ്പ്പും കരിഞ്ചന്തയും തടഞ്ഞ് വിപണിവില

| | | | |
|---|---|---|---|
| | | | പിടിച്ചു നിർത്തുന്ന നടപടികളും വകുപ്പ് സ്വീകരിച്ച് വരുന്നു. |
| (ബി) | പൊതുവിതരണ വകുപ്പിന് കഴിഞ്ഞ 5 വർഷത്തിൽ ലഭിച്ച തനതു വരുമാനം ഏതൊക്കെ ഇനത്തിലാണെന്നും, ഓരോ ഇനത്തിലും ഓരോ വർഷവും ലഭിച്ച വരുമാനം എത്രയാണെന്നും അറിയിക്കാമോ ? | (ബി) | വകുപ്പിന്റെ തനത് വരുമാനങ്ങൾ ചുവടെ ചേർക്കുന്ന ഇനങ്ങളിൽ നിന്നുമാണ്.<br>1. ലൈസൻസ് ഫീസുകൾ<br>2. മണ്ണെണ്ണയുടെ Price Equalisation Charges<br>3. NPNS വിഭാഗങ്ങൾക്കുള്ള ഭക്ഷ്യ ധാന്യവിതരണത്തിൽ നിന്നും ലഭിക്കുന്ന 60 പൈസ നിരക്കിലുള്ള തുക<br>4. വിവിധതരം ഫൈനുകൾ<br>5. അനധികൃതമായി കടത്തുന്ന ഭക്ഷ്യധാന്യങ്ങൾ പിടിച്ചെടുത്തത് അടവാക്കുന്ന തുക<br>6. റേഷൻ കാർഡിന്റെ അപേക്ഷ സമർപ്പിക്കുമ്പോൾ ഈടാക്കുന്ന ഫീസ്. |

സെക്ഷൻ ഓഫീസർ